ങ്ങളും വർഗ്ഗീയ കലാപങ്ങളും നേരിടുന്നതിന് മലപ്പുറത്ത് പാണ്ടിക്കാട് ആസ്ഥാനമാക്കി ഒരു ദ്രുതകർമ്മ സേന പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനു പുറമെ ക്രമസമാധാനപാലനം മെച്ചപ്പെടുത്തുന്നതിനുള്ള മതതീവ്രവാദപ്രവർത്തങ്ങൾ അമർച്ച ചെയ്യുന്നതിനുമായി കേരള റൈഫിൾസ് എന്ന പേരിൽ മൂന്നു സായുധസേനാബറ്റാലിയനുകൾ രൂപീകരിക്കുവാനും ഉത്തരവായിട്ടുണ്ട്.

(ബി) പന്ത്രണ്ട് മത മൗലീക സംഘടനകൾ ഉള്ളതായി അറിവായിട്ടുണ്ട്. പ്രസ്തുത സംഘടനകളെ നിരോധിക്കാൻ സംസ്ഥാന സർക്കാർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇലവുംതിട്ടയിൽ പുതിയ പോലീസ് സ്റ്റേഷൻ

69(810)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിൽ മെഴുവേലി പഞ്ചായത്തിൽപ്പെട്ട ഇലവുംതിട്ടയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ വർഷത്തിൽ തന്നെ ഇലവുംതിട്ടയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) & (ഡി) ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഡി.ജി.പി. യോടാവശ്യപ്പെട്ടിട്ടുണ്ട്.

പോലീസ് ഡിപ്പാർട്ടുമെന്റിലെ കായിക താരങ്ങൾ

70(811) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര കായിക താരങ്ങൾ ജോലി ചെയ്യുന്നുണ്ട്. ഓരോ വിഭാഗത്തെയും തരംതിരിച്ച് വിശദമാക്കുമോ;

(ബി) പോലീസ് ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ് ബോൾ ടീമുകളിൽ ഇപ്പോൾ കളിക്കുന്നവരുടെ പേരുകൾ വ്യക്തമാക്കുമോ; ഈ കളിക്കാരെ തെരഞ്ഞെടുത്തത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly